**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 68** **07-06-2021 - ൽ മറുപടിയ്ക്ക്**

**കസ്റ്റഡി മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2016-21-ലെ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായി; വിശദാംശങ്ങൾ നൽകുമോ; | (എ) | 2016-21 ലെ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 10 പൊലീസ് കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് 25 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതും ആയതിൽ 22 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ എത്ര പോലീസുദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) | 2016-21 ലെ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 10 പൊലീസ് കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് 25 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതും ആയതിൽ 22 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**2016-21-ലെ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് കസ്റ്റഡി മരണങ്ങൾ ( 24-05-2016 TO 19-05-2021)**

അനുബന്ധം

(LDF GOVT) ആകെ- 10 എണ്ണം

| ക്രമ നം. | മരണപ്പെട്ട ആളുടെ പേര് | പോലീസ് സ്റ്റേഷൻ ജില്ല | ക്രൈം നം./ ജില്ല | കസ്റ്റഡിയിൽ എടുക്കാനുണ്ടായ കാരണം | മരിച്ച തിയതിസമയം | മരണപ്പെട്ട സ്ഥലം | മരണത്തിന്റെ കാരണം | കേസിന്റെ ഇപ്പോഴത്തെ അവസ്ഥ | പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടി |
|---|---|---|---|---|---|---|---|---|---|
| 1 | അബ്ദുൾ ലത്തീഫ് | വണ്ടൂർ മലപ്പുറം | Cr.348/2016 U/s 174 Cr.PC | അബ്ദുൾ ലത്തീഫ് 45/16 S/o മുഹമ്മദ്, പാലക്കതൊടിയിൽ വീട്, പള്ളിക്കുന്ന്, പൊട്ടക്കുന്നിനെ വണ്ടൂർ പോലീസ് സ്റ്റേഷൻ Cr. 347/16 U/s 379 IPC പ്രകാരം അറസ്റ്റ് ചെയ്യുകയും, 10.09.2016 ന 11.30 മണിക്ക്, പോലീസ് സ്റ്റേഷനിലെ ശുചി മുറിയിൽ തൂങ്ങി നിൽക്കുന്നതായും കാണപ്പെട്ടിട്ടുള്ളതാണ് | 11.09.2016 11.20 hrs. | വണ്ടൂർ പോലീസ് സ്റ്റേഷൻ | ആത്മഹത്യ | അന്വേഷണവസ്ഥയിലാണ് (ഡെപ്യൂട്ടി സൂപ്രണ്ട്, ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ച്, മലപ്പുറം) | വണ്ടൂർ പോലീസ് സ്റ്റേഷനിലെ മനോജ് (SCPO 3494), സതീഷ് CPO 4987, സനീഷ് (SHO) എന്നിവരെ സർവീസിൽ നിന്നും സസ്പെണ്ട് ചെയ്യുകയും പിന്നീട് തിരിച്ചെടുത്തു സനീഷ് എസ്ഐ യുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ ഒരു വർഷത്തേക്കും, സതീഷ് സിപിഒ 4987 യുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ രണ്ട വർഷത്തേക്ക് തടഞ്ഞു വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. |
| 2 | കാളിമുത്തു | തലശ്ശേരി കണ്ണൂർ | Cr.No. 1983/16 U/s 174 Cr.PC | 08/10/2016 വെളുപ്പിനെ കാളിമുത്തുവിനെ നാട്ടുകാർ കവർച്ചക്കാരൻ എന്നാരോപിച്ച പോലീസിൽ ഏൽപ്പിക്കുകയും, നിയമ നടപടികൾ ഒന്നും പാലിക്കാതെ സ്റ്റേഷനിൽ സൂക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. 09/10/2016 ഏകദേശം 7.30 മണിയായപ്പോൾ അനക്കമില്ലാതെ കിടക്കുന്നതു കണ്ട് പെട്ടെന്നു ആശുപത്രിയിൽ എത്തിക്കുകയും അവിടെ വച്ച് ഡോക്ടർ മരണം സ്ഥിരീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. | 09.10.2016 07.30 hrs | തലശ്ശേരി പോലീസ് സ്റ്റേഷൻ | ഹൃദയ സ്തംഭനം | അന്വേഷണാവസ്ഥയിലാണ് | എം എസ് ഫൈസൽ, SHO തലശ്ശേരി പോലീസ് സ്റ്റേഷൻ, വി വി രാമചന്ദ്രൻ, GASI 4170, സി രമേശൻ ജിഎഎസ്ഐ 4250 എന്നി പോലീസ് ഉദ്യോഗസ്ഥരെ സസ്പെണ്ട്ചെയ്യുകയും പിന്നീട് സർവീസിൽ തിരിച്ചെടുത്തു ഇവരുടെ വാർഷിക വെതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു വച്ചിട്ടുള്ളതുമാണ്. |
| | | | | ഒരു കവർച്ചകേസിൽ നാട്ടുകാർ പിടികൂടി കൈകാര്യം ചെയ്ത ശേഷം പോലീസിൽ | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | റെജി | [illegible]<br>ആലപ്പുഴ | u/s 225 (B) IPC | പോലീസുകാരനെ ഉപദ്രവിച്ച ശേഷം ജീപ്പിൽ നിന്നും ചാടിയതിൽ വച്ച് പരിക്കുകൾ പറ്റുകയും അതുമൂലം മരണപ്പെടുകയും ചെയ്തിട്ടുള്ളതാണ്. | on 07.9.2017 | ആശുപത്രിയിൽ | while jumping out of moving vehicle. | ന അയച്ചു കൊടുത്തിട്ടുള്ളതും ആയത് കസ്റ്റഡി മരണമല്ല എന്നുള്ള സ്ഥിരീകരണം ലഭിച്ചിട്ടുള്ളതുമാണ്. | നടപടിയൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്. |
| 4 | മധു | അഗളി പാലക്കാട് | Cr. No. 87/18 Crime. No. 87/18 of Agali Police station u/s 174 Cr. PC altd. Section 143, 147, 148, 342, 323, 324, 325, 364, 365, 367, 368, 302 r/w 149 IPC, Section 3 (1) (d) (r), Section 3(2) (v) of SC/ST PoA Act 1989 and Section 27 (2) (c) of Kerala Forest Act. | 22/02/2018 നാട്ടുകാർ കവർച്ച ആരോപിച്ച് ഉപദ്രവിച്ച ശേഷം പോലീസിനു കൈമാറിയ മധു എന്ന ആദിവാസി യുവാവ് ജീപ്പിൽ വച്ച് ബോധക്ഷയം ഉണ്ടായതിനെ തുടർന്നു ആശുപത്രിയിലേക്ക് കൊണ്ട് പോകുന്ന വഴി മരണപ്പെട്ടു പോയിട്ടുള്ളതാണ്. | 22.02.2018 16.15 hrs. | ആശുപത്രിയിൽ | തലച്ചോറിനേറ്റ ക്ഷതം മൂലം | പുനരന്വേഷണാവസ്ഥയിലാണ് (Special Team consisting of DySP Agali & DySP, Narcotic cell PLKD under the supervision of IGP TSR Range.) | പ്രസ്തുത കേസിൽ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല |
| 5 | ശ്രീജിത്ത് | വരാപ്പുഴ, എറണാകുളം റൂറൽ | Cr. No. 321/18 | 06/04/2018 ൽ വാസുദേവൻ എന്നയാളുടെ വീട് കയറി ആക്രമിച്ചതിനെ തുടർന്നു അയാൾ മരിച്ച കാരണത്താൽ പോലീസ് കസ്റ്റഡിയിൽ എടുത്ത ശ്രീജിത്തിനെ കടുത്ത വയറു വേദനയെ തുടർന്നു ആശുപത്രിയിൽ കൊണ്ട് പോവുകയും ആന്തരിക രക്ത സ്രാവത്തെ തുടർന്നു ചികിൽസയിൽ ഇരിക്കെ മരണപ്പെടുകയും ചെയ്തിട്ടുള്ളതാണ്,. | 09.04.2018 06.56 hrs. | ആശുപത്രിയിൽ | ഹൃദയ സ്തംഭനം | അന്വേഷണാവസ്ഥയിലാണ് | പ്രസ്തുത കേസിൽ പ്രതിയാക്കപ്പെട്ട ക്രിസ്പിൻ സാം CI, ദീപക് SI, ജയാനന്ദൻ ASI, SCPO 8765 സന്തോഷ് ബേബി സിപിഒ ഇ 11953 ശ്രീരാജ്, സിപിഒ ഇ 10066 ബി സുനിൽകുമാർ, സിപിഒ 12510 സന്തോഷ് കുമാർ പി പി, സിപിഒ ഇ ജിതിൻ രാജ്, സിപിഒ 12593 സുമേഷ് എം എസ് എന്നീ 9 പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഈ ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്. GASI 7346 സുധീറിനെ അന്വേഷണ വിധേയമായി സസ്പെണ്ട് ചെയ്യുകയും പിന്നീട് സർവീസിൽ തിരിച്ചെടുത്ത് വകുപ്പ് തല നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എറണാകുളം റൂറൽ ജില്ലയിലെ പോലീസ് മേധാവിയായിരുന്ന ശ്രീ എ വി ജോർജിനെയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവീസിൽ തിരിച്ചെടുക്കുകയും |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6 | സ്വാമിനാഥൻ | മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി | Cr. No. 644/18 U/s 174 CrPC | ആരോപിച്ച് ഉപദ്രവിച്ച ശേഷം പോലീസിനു കൈമാറിയ സ്വാമിനാഥനെ ദേഹാസ്വാസ്ഥ്യത്തെ തുടർന്നു മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിക്കുകയും മദ്യപാനം മൂലമുള്ള അക്യൂട്ട് പാൻക്രിയാറ്റിസ് എന്ന അസുഖത്തിന് ചികിത്സ നടത്തി വരുന്നതിനിടയിൽ മരണപ്പെട്ടിട്ടുള്ളതുമാണ്. | 03/11/2018 13.00 hrs | ആശുപത്രിയിൽ | ദേഹാസ്വാസ്ഥ്യം | പോലീസിൽ നിന്നുള്ള ദേഹോപദ്രവം ഏറ്റിട്ടില്ലെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക മരണമായി പരിഗണിച്ചു കൊണ്ട് തുടർനടപടികൾ ആവശ്യമില്ലാത്തതായി ഉത്തരവ് ഉണ്ടാകുന്നതിനായി കോടതി മുൻപാകെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതാണ്. | പോലീസുകാർക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്. |
| 7 | നവാസ് | മണർകാട്, കോട്ടയം | Cr. No. 653/19 U/s 174 CrPC. | 21/05/2019 തീയതി 10.53 AM മണിക്ക് നവാസിനെ മണർകാട് പോലീസ് സ്റ്റേഷനകത്തുള്ള കളിമുറിയിൽ ലുങ്കിയിൽ തൂങ്ങി മരണപ്പെട്ടു കിടക്കുന്നതായി കാണപ്പെട്ടിട്ടുള്ളതാണ്. | 21/05/2019 10.53 hrs | പോലീസ് സ്റ്റേഷനിൽ | ആത്മഹത്യ | അന്വേഷണാവസ്ഥയിലാണ് | പ്രസാദ് എഎസ്ഐ (G), സെബാസ്റ്റ്യൻ സിപിഒ 7542 എന്നിവരെ സർവീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും പിന്നീട് സർവീസിൽ തിരികെ എടുക്കുകയും ചെയ്തിട്ടുള്ളതാകുന്നു പ്രസാദ് എഎസ്ഐ (G) യുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ 3 വർഷത്തേക്കും, സെബാസ്റ്റ്യൻ സിപിഒ 7542 ന്റെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ ഒരു വർഷത്തേക്കും തടഞ്ഞു വച്ച് കൊണ്ട് ഉത്തരവായിട്ടുള്ളതുമാകുന്നു. കൂടാതെ , സ്റ്റേഷൻ IP ഷിജിക്കെതിരെ വകുപ്പ് തല അന്വേഷണം നടത്തി censure ചെയ്തിട്ടുള്ളതുമാണ്.. |
| 8 | മഹേഷ് S/o ബാബു | കാസറഗോഡ് പോലീസ് സ്റ്റേഷൻ | Cr. 683/2020 U/s 225(B)IPC | കേസിന്റെ തൊണ്ടി മുതലുകൾ വീണ്ടെടുക്കുന്നതിനായി അന്വേഷണ സംഘം കടൽ കരയിലെത്തിയപ്പോൾ പ്രതി മഹേഷ് പെട്ടെന്ന് കാൽ വഴുതി വീഴുകയും കാണാതാവുകയും ചെയ്തു. 05/08/2020 ന് കർണാടക സംസ്ഥാനത്തെ കോട്ട പോലീസ് സ്റ്റേഷൻ പരിധിയിലെ കടൽത്തീരത്താണ് മൃതദേഹം കണ്ടെത്തിയത് | 7/22/2020 | കടൽ തീരത്ത് | മുങ്ങി മരണം | | കാസറഗോഡ് പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ രാജേഷ്, സബ് ഇൻസ്പെക്ടർ വിപിൻ, തൃപാമധു സൂധനൻ (Junior SI) , സുമേഷ് രാജ് ( ഗ്രേഡ് SI ), പ്രമോദ് (SCPO 2001 ) എന്നീ 5 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ജുഡീഷ്യൽ അന്വേഷണം നടത്തിയിട്ടുള്ളതും ആയതിൽ ടി ഉദ്യോഗസ്ഥർ കുറ്റക്കാരല്ലെന്നു കണ്ടെത്തിയിട്ടുള്ളതും കൂടാതെ മേൽപറഞ്ഞ 5 ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല അന്വേഷണം നടത്തിയിട്ടുള്ളതും എല്ലാ ഉദ്യോഗസ്ഥരെയും കുറ്റവിമുക്തരാക്കിയിട്ടുള്ളതും എന്നാൽ പ്രതിയെ കസ്റ്റഡിയിൽ എടുത്ത സമയം പാലിക്കേണ്ട കാര്യത്തിലുണ്ടായ ചെറിയ പിഴവുകൾക്ക് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവരെ censure ചെയ്തിട്ടുള്ളതുമാണ്. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 9 | അൻസാരി | ഫോർട്ട്, തിരുവനന്തപുരം സിറ്റി | Cr. No. 1696/2020 U/s 174 Cr.PC | ആത്മഹത്യയ്ക്ക് ശ്രമിച്ചു. ഉടൻ തന്നെ ജനറൽ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും മരണത്തിന് കീഴടങ്ങി. പോലീസ് കസ്റ്റഡിയിലാണ് മരണം സംഭവിച്ചത്. എൻ എച്ച്ആർസി മാർഗനിർദേശപ്രകാരം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് അന്വേഷണം നടത്തി. സിബിസിഐഡിയാണ് അന്വേഷണം നടത്തുന്നത്. | 16.08.2020 17.30 hrs | ജനറൽ ആശുപത്രി | ആത്മഹത്യ | ക്രൈം ബ്രാഞ്ച് അന്വേഷണത്തിലാണ് | പോലീസുകാർക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്. |
| 10 | നിസാമുദ്ദീൻ | പാവറട്ടി, തൃശ്ശൂർ സിറ്റി. | Cr. 925/20 U/s 174 CrPC | 29/09/2020 ന് രാവിലെ 11 മണിയോടെ പവരട്ടി പോലീസ് സ്റ്റേഷൻ പരിസരത്ത് ഒരു നിവേദനത്തെക്കുറിച്ച് പോലീസ് ഉദ്യോഗസ്ഥർ അദ്ദേഹത്തോട് സംസാരിക്കുന്നതിനിടെ തളർന്നുപോയി. അദ്ദേഹത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് കൊണ്ടുപോയെങ്കിലും, അബോധാവസ്ഥയിൽ കിടക്കുകയും ഡോക്ടർ മരിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. | 29/09/2020 11.00 hrs | ആശുപത്രി | ആത്മഹത്യ | FAD | പോലീസുകാർക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**